കൃപാരസം

വാസുദേവ് പുളിക്കൽ

കാനന സരോവരത്തിൽ
തണ്ണീർ കുടിക്കും മൻപേടതൻ
മൃദുലചർമ്മത്തിലേക്കാഴ്ന്നിറങ്ങി
വ്യാഘ്രത്തിൻ കൂർത്തുമൂർത്ത നഖങ്ങൾ.
ഒന്നു മറ്റൊന്നിന്നാഹാരമിതു
ജന്തുലോകത്തിലനിവാര്യം.

മഹാത്മാക്കളോതിത്തന്ന
അഹിംസാമന്ത്രങ്ങൾ കാറ്റിൽ പറത്തി
മൃഗീയമായ് ഹിംസയെ പുൽകും മനുഷ്യർ
ആടുമാടുകൾ കഴുത്തറ്റു പിടയുമ്പോൾ
നാവിലൂറിക്കുന്നു മാംസത്തിൻ രുചി.
ഗോവധം ന്യായീകരിക്കാനായവർ
ഉദ്ധരിക്കുന്നു ഹൈന്ദവ സിദ്ധാന്തങ്ങൾ
മനുസ്മൃതിയും വേദങ്ങളും നിൽക്കട്ടവിടെ
കൺപാർക്കു ജീവിതസരണിയിലേക്ക്
'ഒരു പീഡയുമുറുമ്പിനും വരുതരുതെ'ന്ന
കരുണാമയമാം ജീവിതതത്വത്തിലേക്ക്

അനാരോഗ്യകരമാം മാംസാഹാരം
ഉണർത്തുന്നു മൃഗീയ വികാരങ്ങൾ.
ശാന്തമാം സാത്വിക ജീവിതത്തിനായ്
കൃപാലുക്കളാകൂ മൃഗസഞ്ചയത്തോടും.
തന്നിൽ നിന്നന്യമല്ലീ പ്രപഞ്ചപ്രതിഭാസങ്ങൾ.
പ്രിയതയിലുൾപ്പെടണം ജന്തുപ്രിയവും

ഗോവധം നിരോധിക്കും നിയമത്തിന്
ഇല്ലയോ കൃപ മറ്റു മൃഗങ്ങളോട്?
നിറയട്ടെ മനസ്സിൽ കൃപാരസം
വിഹരിക്കട്ടെ മൃഗങ്ങൾ യഥേഷ്ടം

സസ്യാഹാരം ശ്രേഷ്ഠമെന്നറിയും നാൾ വരും
സംതൃപ്തിയുടെ മഴവിൽ മനസ്സിൽ വിരിയും.